വിജിലൻസ് റെയ്ഡുകൾ

261 (3895) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ സർക്കാർ വകുപ്പുകളിൽ വിജിലൻസ് നടത്തിയ റെയ്ഡുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) വിജിലൻസ് റെയ്ഡിൽ അഴിമതി കണ്ടെത്തിയ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വിവരം ലഭ്യമാക്കാമോ ;

(ഡി) നിലവിൽ വിജിലൻസിന്റെ പരിഗണനയിലുള്ള തീർപ്പാകാത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ കോടതി ഉത്തരവ് പ്രകാരം 7 വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി)

മോട്ടോർ വെഹിക്കിൾ വകുപ്പ്	1
കൊമേഴ്സ്യൽ ടാക്സസ്	1
പോലീസ് വകുപ്പ്	1
വ്യവസായ വകുപ്പ്	1
റവന്യൂ വകുപ്പ്	1
പൊതുമരാമത്ത് (ഗവ.സെക്രട്ടറിയേറ്റ്)	1
ജലസേചന വകുപ്പ്	1
ആകെ	7

(സി) മുകളിൽ പറഞ്ഞിരിക്കുന്ന ഓഫീസുകളിലും പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ വീടുകളിലും ആണ് വിജിലൻസ് റെയ്ഡ് നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നീ വിജിലൻസ് കോടതികളിൽ 1286 കേസുകൾ വിചാരണയിലാണ്. തിരുവന്തപുരം, കോഴിക്കോട് എന്നീ വിജിലൻസ് ട്രിബ്യൂണലുകളിൽ 27 കേസുകൾ വിചാരണയിലുണ്ട്. വിജിലൻസ് ബ്യൂറോയിൽ നലവിൽ 353 കേസുകൾ അന്വേഷണ ഘട്ടത്തിലാണ്.

ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുമായി ബന്ധപ്പെട്ട അഴിമതി ആരോപണം

262 (3896) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്കെതിരായുള്ള അഴിമതി ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ; അഴിമതിക്ക് ഗൂഢാലോചന നടത്തിയതായി ആരോപിക്കപ്പെട്ടവരുടെ പങ്ക് വെളിപ്പെടുത്തുന്ന രേഖകൾ എല്ലാം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ;

(ബി) വിജിലൻസ് അന്വേഷണം തടയുന്നതിനുവേണ്ടി തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവ് ചോദ്യം ചെയ്ത് ആരെങ്കിലും ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു ;

(സി) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നത് തടയണമെന്ന ആവശ്യം കോടതി അനുവദിച്ചിട്ടുണ്ടോ ; കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതികൾ എത്ര ; കേസ് രജിസ്റ്റർ ചെയ്തവ എത്ര; ചെയ്തിട്ടില്ലാത്തവ എത്ര ;

(ഇ) പ്രസ്തുത ആരോപണം സംബന്ധിച്ച കേസ് വിജിലൻസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ, ആരോപിക്കപ്പെട്ടവർ പ്രസ്തുത വകുപ്പിന്റെ മേൽനോട്ടം വഹിക്കുന്നത് ധാർമ്മികവും ഉചിതവുമാണെന്ന് അഭിപ്രായമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly